## നോമ്പുദിന ചിന്തകൾ
## ഇരുപത്തൊമ്പതാം ദിനം

സ്കേത്തേ ആശ്രമത്തിലെ ഒരന്തേവാസി മത്തേയൂസ് എന്ന ആശ്രമാധിപനോടു ചോദിച്ചു, എന്റെ നാവെപ്പോഴുമെനിക്കു പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. എനിക്കതിനെ നിയന്ത്രിക്കുവാൻ കഴിയുന്നില്ല. ഞാൻ സാധാരണ ജനങ്ങളുടെ ഇടയിലായിരിക്കുമ്പോൾ എന്നെത്തന്നെ നിയന്ത്രിക്കാതെ അവരുടെ തെറ്റുകളെ ചൂണ്ടിക്കാണിക്കുകയും വഴക്കു പറയുകയും ചെയ്യാറുണ്ട്. ഞാനെന്തു ചെയ്യണം? അതിനു വന്ദ്യനായ ഗുരുശ്രേഷ്ടൻ മറുപടി പറഞ്ഞു, നിനക്കു നിന്നെത്തന്നെ നിയന്ത്രിക്കുവാൻ കഴിയുന്നില്ലയെന്നു ബോധ്യമുണ്ടെങ്കിൽ നീ നിന്റെ പ്രേക്ഷിത ദൗത്യമുപേക്ഷിച്ച് ഏകാന്തവാസത്തിന്നായി മരുഭൂമിയിലേക്കു പോകുക. എന്നാൽ നീ നിന്നെത്തന്നെ വഞ്ചിക്കരുത്. കാരണം ഏകാന്തവാസം ലോകത്തിലെ പ്രതിസന്ധികളിൽനിന്നുള്ള രക്ഷപ്പെടലായി മാറുവാൻ ഇടയാകരുത്. ശിഷ്യൻ ചോദിച്ചു, പിന്നെ ഞാനെന്തുചെയ്യണം? ഗുരു മൊഴിഞ്ഞു, നിന്റെ കുറവുകളെ അംഗീകരിക്കുക. അന്യരുടെമേൽ മേൽക്കോയ്മ നേടാൻ ആഗ്രഹിക്കരുത്. പറ്റുമ്പോഴൊക്കെ നിന്നെത്തന്നെ ശുദ്ധീകരിക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുക.

നാം പലപ്പോഴും മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ട് അരിശം പൂണ്ട് അവരെ വഴക്കുപറയാറുണ്ടല്ലോ. ഒരു പിതാവിന്റെ അഭിപ്രായത്തിൽ അങ്ങനെ പോലും നാം പ്രവർത്തിക്കരുത്. കാരണം ഒന്നാമതായി നാം അങ്ങനെ ചെയ്യുമ്പോൾ അപരനെ വിധിക്കുകയാണ്. രണ്ടാമതായി അതുമൂലം നാം സ്വയം നീതീകരിക്കുന്നു എന്ന കുറ്റവും നമ്മുടെമേൽ ഉണ്ടാകുന്നുവെന്നു പറയുന്നു. മേൽ പറയുന്ന ഉപദേശത്തിലും അതുപോലൊരു ഉത്തരമാണ് ഗുരു ശിഷ്യനു കൊടുക്കുന്നത്. ഒരാളെ തർജ്ജനം ചെയ്യുന്നതുപോലും ഒഴിവാക്കുവാനും അതുപേക്ഷിക്കുവാൻ കഴിയുന്നില്ലെങ്കിൽ മരുഭൂമിയിലേക്കു പോകുവാനും ഉപദേശിക്കുമ്പോൾ ഈ പിതാക്കന്മാർ ആത്മീയ ജീവിതത്തെ എത്രമാത്രം തീവ്രതയോടെയാണ് കണ്ടതെന്നു മനസ്സിലാക്കാം.

യേശു തമ്പുരാൻ പറയുന്നു നീ മറ്റുള്ളവരെ വിധിക്കരുത് നിന്നെത്തന്നെയാകുന്നു നീ വിധിക്കുന്നത്. ഈ വചനം ജീവിതത്തിലെപ്പോഴും ഓർത്തിരിക്കുക. മറ്റുള്ളവരുടെ കുറ്റം കാണുമ്പോൾ നമ്മിലേക്കുതന്നെ ഒന്നു തിരിഞ്ഞു നോക്കുക. അതേ തെറ്റ് അഥവാ അതിലും ഹീനമായവ എത്ര പ്രാവശ്യം നാം ചെയ്തുവെന്ന് ശരിക്കും ആലോചിക്കുക. പിന്നെ നമുക്ക് മറ്റുള്ളവരെ വിധിക്കുവാൻ തോന്നുകയില്ല.

എന്നിരുന്നാലും വീണ്ടും ഈ ചിന്തയുണ്ടാകുമ്പോൾ തമ്പുരാൻ പറഞ്ഞ മറ്റൊരു വാക്യമോർക്കുക. നിന്റെ വലം കയ്യോ കാലോ നിനക്കിടർച്ച വരുത്തിയാൽ അതു വെട്ടിക്കളയുക. നിന്റെ കണ്ണു നിനക്കിടർച്ച വരുത്തിയാൽ അതു ചൂഴ്ന്നെടുത്തു കളയുക. രണ്ടു കയ്യും രണ്ടു കാലും രണ്ടു കണ്ണുമുള്ളവനായി അഗ്നി നരകത്തിൽ പോകുന്നതിനേക്കാൾ ഒറ്റക്കൈയ്യോ, കാലോ, കണ്ണോ ഉള്ളവനായി ദൈവരാജ്യത്തിൽ കടക്കുന്നത് നല്ലത്. അതുമാത്രമല്ല അനുതാപഹൃദയം ഉണ്ടവുകയാണു വേണ്ടത്. തെറ്റുകളെ തെറ്റുകളായി കാണാൻ കഴിയുവാനും അവയെ ഒഴിവാക്കുവാനും മനപൂർവ്വമായ ശ്രമം നടത്തുന്നില്ലെങ്കിൽ നമ്മുടെ പല പ്രവർത്തനങ്ങളും വെറും ആചാരങ്ങൾ മാത്രമായി മാറും.

ജീവിതത്തെ കുറേക്കൂടെ അർത്ഥപൂർണ്ണമാക്കുന്നതിനു ശ്രമിക്കുക. വാക്കും പ്രവർത്തിയും ഒത്തു ചേർന്നു കൊണ്ടുപോകുന്നതിന് ശ്രമിക്കുക. വസ്ത്രങ്ങളെയല്ല ഹൃദയത്തെ ശോധനചെയ്യുന്ന ദൈവം നമ്മേക്കാണുന്നു എന്ന ബോധം നമുക്കുണ്ടാകണം.

ഫാ. എസ്. കെ. ജെ.